ഉത്തരം

(എ) നിലവിലില്ല.

(ബി) 22-2-1997-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി 22-2-2000-ൽ അവസാനിക്കേണ്ടതായിരുന്നു. സർക്കാർ ഈ ലിസ്റ്റിന്റെ കാലാവധി 24-3-2000-വരെ ദീർഘിപ്പിച്ചു. നിലവിലുണ്ടായിരുന്ന ലിസ്റ്റിന്റെ കാലാവധി തീരും മുൻപ് 42 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 22-3-2000, 6945/2000 നമ്പർ ഒ.പി.യിലെ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം 100 ഒഴിവുകൾകൂടി പി. എസ്. സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഈ 100 പേർക്ക് നിയമനം നൽകുവാനുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലില്ല.

(സി) 485 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി 24-3-2000-ൽ അവസാനിപ്പിച്ചിട്ടുള്ളതിനാൽ ചോദ്യം ഉദിക്കുന്നില്ല.

**പ്രൊവിഡന്റ് ഫണ്ടിൽ നിന്നും നോൺ റീഫണ്ടബിൾ അഡ്വാൻസ് ലഭിക്കുന്നതിനുള്ള കാലാവധി**

74 (3715) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രൈവറ്റ് പോളിടെക്നിക്കുകളിലേയും, എഞ്ചിനിയറിംഗ് കോളേജുകളിലേയും ജീവനക്കാർക്ക്, പ്രൊവിഡന്റ് ഫണ്ടിൽ നിന്നും നോൺ റീഫണ്ടബിൾ അഡ്വാൻസ് ലഭ്യമാക്കുന്നതിന് എത്ര വർഷത്തെ സർവ്വീസ് ആവശ്യമുണ്ട് ;

(ബി) സർക്കാർ ജീവനക്കാർക്ക് ഇക്കാര്യത്തിൽ ആവശ്യമുള്ള സർവ്വീസ് ദൈർഘ്യം എത്രയാണ് ;

(സി) കേരളത്തിലെ പ്രൈവറ്റ് പോളിടെക്നിക്കുകളിലേയും, എഞ്ചിനീയറിംഗ് കോളേജുകളിലേയും ജീവനക്കാരുടെ സർവ്വീസ് കാലാവധി സർക്കാർ ജീവനക്കാരുടേതിന് തുല്യമായി പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഏകീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ കൈക്കൊള്ളുമോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 20 വർഷത്തെ സർവ്വീസ് ആവശ്യമുണ്ട്.

(ബി) 15 വർഷം.

(സി) ഇതു സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly